**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6527** — **20-03-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുത്തൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കി മാറ്റി വിൽക്കുന്നതിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് ലഭിക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടൽ വിശദമാക്കാമോ; ഈ ഇടപെടൽ കാര്യക്ഷമമായിരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഫിഷറീസ് വകുപ്പ് സൊസൈറ്റി ഫോർ അസിസ്റ്റൻറസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന “ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം” പദ്ധതിയിലൂടെ ആരംഭിച്ചിട്ടുള്ള മത്സ്യ സംസ്കരണ മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ (ഒരംഗത്തിന് ഒരു ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. സംരംഭം ആരംഭിക്കുന്നതിന് കേരള ബാങ്ക് മുഖേന പദ്ധതി തുകയുടെ 20 ശതമാനം ആയ ബാങ്ക് ലോൺ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. കൂടാതെ ടി പദ്ധതിയുടെ സുസ്ഥിര നിലനിൽപ്പിനായി പലിശ രഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, സോളിഡാരിറ്റി ഫണ്ട് -സാങ്കേതികവിദ്യാ നവീകരണം, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ, ബ്രാന്റിംഗ് & മാർക്കറ്റിങ്ങ്, യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ മറ്റ് ഘടകങ്ങളും പദ്ധതിയിൽഉൾപ്പെടുത്തിയിട്ടുണ്ട്. ഡ്രൈ ഫിഷ്, ഫിഷ് പ്രോസസിംഗ് യൂണിറ്റുകൾ, അച്ചാറുകൾ, അലങ്കാര മത്സ്യം, ക്ലാം പ്രോസസിംഗ്, പീലിംഗ് ഷെഡ്, മത്സ്യവളം എന്നീ യൂണിറ്റുകൾ ആരംഭിക്കുകയും ഇതുവഴി ഇവർക്ക് സ്ഥിരം തൊഴിലും |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സുരക്ഷിതത്വം ഉറപ്പവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു. ടി യൂണിറ്റുകളെ ഓൺലൈൻ മാർക്കറ്റിംഗ് & സെയിലിന്റെ കീഴിൽ കൊണ്ടുവരികയും ഇതുവഴി വിറ്റുവരവ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു ഫിഷ് പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് 'സൗരോർജ്ജ ഡ്രൈയറിൽ' ഉണക്കിയെടുത്ത മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചു വരുന്നു. മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ പ്ലാന്റിൽ എത്തിച്ച് പ്രത്യേകം പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി വനിതകൾ വഴി പ്രീപ്രോസസ്സിംഗ് നടത്തിയശേഷം സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത് പായ്ക്ക് ചെയ്ത് വിപണിയിൽ എത്തിച്ചു വരുന്നു. പ്രസ്തുത സംരംഭം മുഖേന ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാകുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തിന് കൂടുതൽ വില ലഭ്യമാകുന്നതിനും സഹായകരമാകുന്നു.<br><br>മുകളിൽ പറഞ്ഞ പദ്ധതികൾ മത്സ്യത്തൊഴിലാളി വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായകമായിട്ടുണ്ട് . |
| (ബി) | ഇതുവഴി മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഫിഷറീസ് വകുപ്പ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന "ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം" പദ്ധതിയിലൂടെ ആരംഭിച്ചിട്ടുള്ള മത്സ്യ സംസ്കരണ മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ (ഒരംഗത്തിന് ഒരു ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. സംരംഭം ആരംഭിക്കുന്നതിന് കേരള ബാങ്ക് മുഖേന പദ്ധതി തുകയുടെ 20 ശതമാനം ആയ ബാങ്ക് ലോൺ |

യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു. കൂടാതെ ടി പദ്ധതിയുടെ സുസ്ഥിര നിലനിൽപ്പിനായി പലിശ രഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, സോളിഡാരിറ്റി ഫണ്ട് -സാങ്കേതികവിദ്യാ നവീകരണം, കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ, ബ്രാന്റിംഗ് & മാർക്കറ്റിങ്ങ്, യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ മറ്റ് ഘടകങ്ങളും പദ്ധതിയിൽഉൾപ്പെടുത്തിയിട്ടുണ്ട്. ഡ്രൈ ഫിഷ്, ഫിഷ് പ്രോസസിംഗ് യൂണിറ്റുകൾ, അച്ചാറുകൾ, അലങ്കാര മത്സ്യം, ക്ലാം പ്രോസസിംഗ്, പീലിംഗ് ഷെഡ്, മത്സ്യവളം എന്നീ യൂണിറ്റുകൾ ആരംഭിക്കുകയും ഇതുവഴി ഇവർക്ക് സ്ഥിരം തൊഴിലും സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു. ടി യൂണിറ്റുകളെ ഓൺലൈൻ മാർക്കറ്റിംഗ് & സെയിലിന്റെ കീഴിൽ കൊണ്ടുവരികയും ഇതുവഴി വിറ്റുവരവ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു ഫിഷ് പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചു വരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് ‘സൗരോർജ്ജ ഡ്രൈയറിൽ’ ഉണക്കിയെടുത്ത മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ ‘ഡ്രിഷ് കേരള’ എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചു വരുന്നു. മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ പ്ലാന്റിൽ എത്തിച്ച് പ്രത്യേകം പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി വനിതകൾ വഴി പ്രീപ്രോസസ്സിംഗ് നടത്തിയശേഷം സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത് പായ്ക്ക് ചെയ്ത് വിപണിയിൽ എത്തിച്ചു വരുന്നു. പ്രസ്തുത സംരംഭം മുഖേന ഗുണഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാകുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തിന് കൂടുതൽ വില ലഭ്യമാകുന്നതിനും സഹായകരമാകുന്നു.

| | | | |
|---|---|---|---|
| | | | മുകളിൽ പറഞ്ഞ പദ്ധതികൾ മത്സ്യത്തൊഴിലാളി വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായകമായിട്ടുണ്ട് |
| (സി) | മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം

മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി കൊല്ലം തുറമുഖത്തെ ഒരു ' വേൾഡ് ക്ലാസ്സ് ഫിഷറീസ് ഇൻഫ്രാസ്ട്രക്ചർ ഹബ്' ആയി വികസിപ്പിക്കാൻ ഉള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ ഫീസിബിലിറ്റി പഠനത്തിനും ഡി.പി.ആർ തയ്യാറാക്കുന്നതിനും കൺസൾട്ടൻസി സേവനങ്ങൾക്കുമായി താൽപര്യപത്രം ക്ഷണിച്ചിരുന്നു. ആയതിന്റെ ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

കൂടാതെ ഫിഷറീസ് വകുപ്പ് 'സാഫ്' മുഖേന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

### ചെറുകിട തൊഴിൽസംരംഭങ്ങളുടെ വികസനം

പദ്ധതി പ്രകാരം 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ (ഒരംഗത്തിന് ഒരു ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. സംരംഭം ആരംഭിക്കുന്നതിന് കേരള ബാങ്ക് മുഖേന പദ്ധതി തുകയുടെ 20 ശതമാനം ആയ ബാങ്ക് ലോൺ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാൻറ് അനുവദിക്കുന്നത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിക്കുന്നു.

### സ്നേഹതീരം പദ്ധതി

തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുന്നതിന് 'സ്നേഹതീരം പദ്ധതി' നടപ്പിലാക്കുന്നു. പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ സാഫുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നു. 2 മുതൽ 4 വരെ അംഗങ്ങൾ അടങ്ങിയ മൈക്രോ യൂണിറ്റുകൾ ആരംഭിക്കും. ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് പരമാവധി 10 ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നു. യൂണിറ്റുകൾക്ക് ആവശ്യമെങ്കിൽ ടി തുക കടമായി മറ്റ് വ്യക്തികൾക്കോ ആവശ്യങ്ങൾക്കോ നൽകാവുന്നതാണ്. പദ്ധതിയുടെ വായ്പ തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നു.

### മോഡൽ പീലിംഗ് ഷെഡ് യൂണിറ്റ്

ആലപ്പുഴ ജില്ലയിലെ അരൂർ പഞ്ചായത്തിൽ ഒരു മോഡൽ പീലിംഗ് യൂണിററ് ആരംഭിക്കുന്നതിനുള്ള 32 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സാഫ് ഫിഷറീസ് ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പദ്ധതിയുടെ സ്റ്റേറ്റ്

ഷെയർ 27 ലക്ഷം രൂപയാണ്. ഇതിൽ പീലിംഗ് ഷെഡിന്റെ സെറ്റിംഗ് അപ്പിനായി 12 ലക്ഷം രൂപയും മോഡുലാർ കോൾഡ് സ്റ്റോറേജിനായി 1.75 ലക്ഷം രൂപയും വേസ്റ്റ് ട്രീറ്റ്മെന്റിനായി 1.25 ലക്ഷം രൂപയും സോളാർ എനർജി സോഴ്സിനായി 10 ലക്ഷം രൂപയും കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് & അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിനായി 3 ലക്ഷം രൂപയുമാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്.

പീലിംഗ് മേഖലയിൽ തൊഴിൽ ചെയ്തു വരുന്ന 12 മത്സ്യത്തൊഴിലാളി വനിതകൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും വരുമാനവും ഉറപ്പുവരുത്തുന്നതിനായി മോഡൽ പീലിംഗ് യൂണിറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. യൂണിറ്റിന്റെ രൂപീകരണത്തിനായി 75 % ഗ്രാന്റും (12 ലക്ഷം), 20 % ബാങ്ക് ലോണും (3.2 ലക്ഷം), 5% ഗുണഭോക്തൃവിഹിതവും (0.8 ലക്ഷം) ആയിരിക്കും. 1500 സ്ക്വയർ ഫീറ്റിലുള്ള മോഡൽ പീലിംഗ് യൂണിറ്റ് ആണ് പദ്ധതി പ്രകാരം ആരംഭിക്കുക. യൂണിറ്റിന് ആവശ്യമായ നൂതന ശീതീകരണ സംവിധാനവും, സ്റ്റോറേജ് ഫെസിലിറ്റിയും ഒരുക്കുന്നു. പദ്ധതി പ്രകാരം മെച്ചപ്പെട്ട വിപണന സാധ്യതകളും ഗുണഭോക്താക്കളുടെ ആരോഗ്യ പരിരക്ഷയും (Health & Hygiene) ഉറപ്പ് വരുത്തുന്നു.

Sd/-

സെക്ഷൻ ഓഫീസർ